**സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പരിഗണനയിൽ വരുന്ന കുട്ടികൾ**

1) അനാഥരായ കുഞ്ഞുങ്ങൾ
2) ലൈംഗിക അതിക്രമത്തിനു വിധേയരായ കുട്ടികൾ
3) ശാരീരിക അതിക്രമത്തിനു വിധേയരായ കുട്ടികൾ
4) ശൈശവ വിവാഹത്തിനു വിധേയരാകുകയോ ഭീഷണി നേരിടുകയോ ചെയ്യുന്ന കുട്ടികൾ
5) പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികൾ
6) സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയ കുട്ടികൾ
7) HIV ബാധിതരായ മാതാപിതാക്കളുടെ കുട്ടികൾ
8) HIV ബാധിച്ച കുട്ടികൾ
9) ലഹരി ഉപയോഗിക്കുന്ന കുട്ടികൾ
10) ബാല/ കൗമാരവേലയിൽ ഏർപ്പെട്ട കുട്ടികൾ
11) ഭിക്ഷാടനത്തിലേർപ്പെട്ട കുട്ടികൾ
12) ഭിക്ഷാടകരുടെ മക്കൾ
13) ഭിന്ന ശേഷിക്കാരായ കുട്ടികൾ
14) സ്ഥാപനങ്ങളിലെ കുട്ടികൾ
15) കേസിൽ പെട്ട കുട്ടികൾ ,
16) ജയിലിൽ കിടക്കുന്നവരുടെ മക്കൾ
17) അവിവാഹിതരായ അമ്മമാരുടെ മക്കൾ
18) സാമ്പത്തിക ബുദ്ധിമുട്ട് കാരണം പഠനം തുടരാൻ കഴിയാത്ത കുട്ടികൾ
19) സുരക്ഷിത ഭവനങ്ങൾ ഇല്ലാത്ത കുട്ടികൾ
20) ലൈംഗിക തൊഴിലാളികളുടെ മക്കൾ
21) ക്യാമ്പിൽ കഴിയുന്ന ഇതര സംസ്ഥാനക്കാരുടെ മക്കൾ
22) ട്രാൻസ് ജെന്റർ വിഭാഗം കുട്ടികൾ
23) ദത്തെടുക്കപ്പെട്ട കുട്ടികൾ
24) പോറ്റിവളർത്തലിൽ ഉള്ള കുട്ടികൾ
25) പട്ടിക വർഗ/ജാതി കോളനികളിലെ കുട്ടികൾ
26) മത്സ്യബന്ധന മേഖലയിലെ വിഷമതയനുഭവിക്കുന്ന കുട്ടികൾ
27) ആത്മഹത്യ ചെയ്യാൻ ശ്രമിച്ച കുട്ടികൾ
28) മാനസിക രോഗം ബാധിച്ച കുട്ടികൾ/ മാനസിക രോഗം ബാധിച്ചവരുടെ മക്കൾ
29) പ്രകൃതി ദുരന്തത്തിനിരയായ കുട്ടികൾ
30) വേർപിരിഞ്ഞവരുടെ/ഉപേക്ഷിക്കപ്പെട്ടവരുടെ മക്കൾ
31) മാരക രോഗത്തിനടിമയായ കുട്ടികൾ
32) മാരക രോഗം ബാധിച്ചവരുടെ മക്കൾ
33) ലഹരി പ്രവർത്തനത്തിനു ഉപയോഗിക്കപ്പെടുന്ന കുട്ടികൾ

**വിളിക്കൂ....**

**1098 അല്ലെങ്കിൽ 1517**

**ഏത് പാതിരാത്രിയിലും...**
**സൗജന്യമായി...**



ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചറിയാനും സഹകരിക്കാനും നിങ്ങൾ തയ്യാറാണോ

*ബന്ധപ്പെടുക...*


**ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്**
**വനിതാ ശിശു വികസന വകുപ്പ്**
**പൂജപ്പുര പി.ഒ, തിരുവനന്തപുരം – 695012**
**ഫോൺ നമ്പർ:0471 – 2345121**
**ഇമെയിൽ: dcputvm@gmail.com**

*: district child protection unit trivandrum*


"ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ
ഒരു കോടി ഈശ്വര വിലാപം...
ഓരോ കരിന്തിരി കണ്ണിലും കാണ്മൂ ഞാൻ
ഒരു കോടി ദേവ നൈരാശ്യം..."

# സംയോജിത ശിശു സംരക്ഷണ പദ്ധതി -ഐ.സി.പി.എസ്

**വിഷമതയനുഭവിക്കുന്ന കുട്ടികളുടെ സംരക്ഷണത്തിനായുള്ള ദേശീയ പദ്ധതി**



## എന്താണ് സംയോജിത ശിശു സംരക്ഷണ പദ്ധതി?

പതിനെട്ട് വയസുവരെയുള്ള കുട്ടികളുടെ അവകാശങ്ങളും ഉത്തമ താൽപര്യവും ഉറപ്പ് വരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിക്കുന്നതിനായി കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി.

## നിങ്ങൾക്ക് ഞങ്ങളെ സമീപിക്കാം

- ഒരു കുട്ടിയുടെ ജീവിതം ശോഭനമാക്കാൻ
- ഒരു കുട്ടിയെ ദത്തെടുക്കാൻ
- ഒരു കുട്ടിയെ പോറ്റിവളർത്താൻ
- കുട്ടിക്ക് കൗൺസലിംഗ് ലഭ്യമാക്കാൻ
- പൊതു അവബോധരൂപീകരണത്തിന്
- ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് കൈത്താങ്ങാവാൻ
- പഠന ധനസഹായത്തിന്

## നിങ്ങൾക്ക് ഞങ്ങളെ സഹായിക്കാം

- ഒരു കുട്ടിയെ ഏറ്റെടുത്ത് വളർത്താൻ
- കുട്ടികൾക്ക് പഠന സഹായം നൽകാൻ
- കുട്ടികളുടെ സ്ഥാപനങ്ങളെ സഹായിക്കാൻ
- വിവിധ ക്ലാസ്സുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകാൻ
- ഒരു കുട്ടിയിലോ പ്രദേശത്തോ ഇടപെടാൻ
- വിഷമത അനുഭവിക്കുന്ന കുട്ടികളെ കുറിച്ചറിയിക്കാൻ
- ഒരു കുട്ടിയുടെ മെന്റർ ആവാൻ

